ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# ഹജ്ജിന്റെ സദ്ഫലങ്ങൾ

عن عبدالله بن مسعودٍ رضي اللهُ عنه: قال النَّبيُّ صلَّى اللهُ عليه وسلَّم: تابِعوا بينَ الحجِّ والعمرةِ ، فإنَّهما ينفِيانِ الفقرَ والذُّنوبَ ، كما ينفي الكيرُ خبثَ الحديدِ والذَّهبِ والفضَّةِ وليسَ للحجِّ المبرورِ ثوابٌ دونَ الجنَّةِ (الترمذي ، النسائي)

**അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്ന്. നബി (സ) പറഞ്ഞു: 'ഹജ്ജും ഉംറയും തുടർച്ചയായി നിർവഹിക്കുക. അവ ദാരിദ്ര്യത്തെയും പാപങ്ങളെയും അകറ്റും. ഇരുമ്പിന്റെയും സ്വർണ-വെള്ളികളുടെയും മാലിന്യത്തെ ഉലയിലെ തീ വൃത്തിയാക്കുന്നതു പോലെ. സ്വീകാര്യമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല.' (തിർമിദി, നസാഈ)**

ഹദീസിലെ تابِعوا بينَ الحجِّ والعمرةِ എന്നതിനെ വിശദീകരിച്ച് ഇമാം ത്വയ്യിബി ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ ഉംറ നിർവഹിച്ചാൽ ഉടനെ ഹജ്ജ് നിർവഹിക്കുക. ഹജ്ജ് നിർവഹിച്ചാൽ ഉടനെ ഉംറ നിർവഹിക്കുക.'

അൽ മനാവി: 'ഹജ്ജ് പോലെ ഉംറയും നിർബന്ധമാണ് എന്നറിയിക്കാനാണ് അവയെ ഒരേ ചരടിൽ കോർത്തത്.'

ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലത്തെ കുറിച്ചാണ് ഹദീസിൽ വ്യക്തമാക്കുന്നത്. ഹജ്ജിനും ഉംറക്കും മൂന്ന് പ്രധാന സദ്ഫലങ്ങളാണ് പ്രവാചകൻ വാഗ്ദാനം ചെയ്യുന്നത്:

ഒന്ന്: ദാരിദ്ര്യം ഇല്ലാതാക്കും. രണ്ട്: പാപങ്ങൾ പൊറുക്കപ്പെടും. മൂന്ന്: സ്വർഗത്തിൽ പ്രവേശിപ്പിക്കും.

ഹജ്ജ് ദാരിദ്ര്യത്തെയും പട്ടിണിയെയും ഇല്ലാതാക്കി ഐശ്വര്യവും ധന്യതയും പ്രദാനം ചെയ്യുമെന്നാണ് റസൂൽ (സ) വാഗ്ദാനം നൽകുന്നത്. എല്ലാ പുണ്യകർമങ്ങൾക്കും പാരത്രിക ലോകത്തെ പ്രതിഫലത്തോടൊപ്പം ഭൗതികമായ നേട്ടങ്ങളും അല്ലാഹു ഉറപ്പ് നൽകുന്നുണ്ട്. വിശുദ്ധ ഖുർആൻ പറഞ്ഞു:

''അന്നാട്ടുകാർ വിശ്വസിക്കുകയും ഭക്തരാവുകയും ചെയ്തിരുന്നെങ്കിൽ നാമവർക്ക് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുക്കുമായിരുന്നു.'' (7:96).

മറ്റൊരു വാക്യത്തിൽ ഇപ്രകാരം കാണാം: ''അല്ലാഹുവോട് ഭക്തി കാണിക്കുന്നവന് അല്ലാഹു രക്ഷാമാർഗമൊരുക്കിക്കൊടുക്കും. അവൻ വിചാരിക്കാത്ത വിധം അവന് ആഹാരം നൽകും.'' (65: 2,3).

വേറൊരു വാക്യത്തിൽ ഇങ്ങനെ: ''അവർ നേർവഴിയിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ നാം അവർക്ക് കുടിക്കാൻ ധാരാളമായി വെള്ളം നൽകും.'' (72:16)

അതിനാൽ, ഹജ്ജിനായി ധാരാളം പണം ചെലവഴിക്കുന്നതിലൂടെ താൻ ദരിദ്രനായി മാറുമോ എന്ന യാതൊരു ആശങ്കയും വിശ്വാസികൾക്ക് ഉണ്ടാവേണ്ടതില്ലെന്ന് നബി (സ) പഠിപ്പിക്കുകയാണ്. ഹജ്ജിനായി ചെലവഴിക്കുന്ന ഓരോ നാണയത്തിനും പകരമായി അല്ലാഹു ഇരട്ടിയിരട്ടിയായി തിരിച്ചു തരും.

ഹജ്ജിന്റെ സദ്ഫലങ്ങളിൽ രണ്ടാമതായി എണ്ണിയത് പാപങ്ങൾ പൊറുക്കപ്പെടും എന്നാണ്. ഇക്കാര്യം അല്ലാഹുവിന്റെ റസൂൽ പല സന്ദർഭങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. അബൂഹുറയ്റ (റ) പറഞ്ഞു. നബി (സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'മ്ലേഛ അധർമ പ്രവൃത്തികൾ ഒഴിവാക്കി ഒരാൾ അല്ലാഹുവിന് വേണ്ടി മാത്രം ഹജ്ജ് നിർവഹിച്ചാൽ അവന്റെ മാതാവ് അവനെ പ്രസവിച്ച ദിനം പോലെയാണ് അവൻ മടങ്ങിയെത്തുക' (ബുഖാരി).

ഈ ഹദീസിനെ വിശദീകരിച്ച് ഇബ്നു ഹജർ (റ) എഴുതി: 'മാതാവ് പ്രസവിച്ച ദിനം പോലെ' എന്നാൽ യാതൊരു പാപങ്ങളുമില്ലാതെ എന്നാണ്. അവന്റെ ചെറുതും വലുതുമായ എല്ലാ തെറ്റുകളും പൊറുക്കപ്പെടും' (ഫത്ഹുൽ ബാരി).

അൽ മനാവി: ഇമാം തിർമിദി പറഞ്ഞു: 'അല്ലാഹുവിന്റെ അവകാശങ്ങളുമായി ബന്ധപ്പെട്ട പാപങ്ങളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവന്റെ അടിമകളുമായി ബന്ധപ്പെട്ടതല്ല' (ഫൈദുൽ ഖദീർ).

മറ്റൊരു ഹദീസ് ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

അംറുബ്നുൽ ആസ് (റ) പറയുന്നു: 'ഞാൻ നബി (സ)യുടെ അടുക്കൽ ചെന്നിട്ട് പറഞ്ഞു: 'താങ്കളുടെ കൈ നീട്ടുക. ഞാൻ പ്രതിജ്ഞ ചെയ്യാം.' പ്രവാചകൻ (സ) കൈകൾ നീട്ടി. പക്ഷേ, ഉടനെ ഞാനെന്റെ കൈകൾ പിന്നോട്ട് വലിച്ചു. റസൂൽ ചോദിച്ചു: 'അംറേ എന്ത് പറ്റി?' ഞാൻ പറഞ്ഞു: 'പ്രതിജ്ഞക്ക് ഒരു ഉപാധിയുണ്ട്.'

'എന്താണത്?'

'എന്റെ പാപങ്ങൾ പൊറുക്കപ്പെടണം.'

റസൂൽ (സ) പറഞ്ഞു: 'താങ്കൾക്കറിയില്ലേ, ഇസ്‌ലാം അതിന് മുമ്പുള്ള തെറ്റുകളെല്ലാം മായ്ച്ച് കളയും. പലായനം അതിന് മുമ്പുള്ള തിന്മകളെല്ലാം തുടച്ചു

കളയും. ഹജ്ജ് അതിന് മുമ്പുള്ള പാപങ്ങളെല്ലാം വൃത്തിയാക്കും.' (മുസ്‌ലിം). മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'ഹജ്ജിനും ഉംറക്കും എത്തുന്നവർ അല്ലാഹുവിന്റെ യാത്രാസംഘങ്ങളാണ്. അവർ അവനോട് പ്രാർഥിച്ചാൽ ഉത്തരം നൽകും. പാപമോചനം തേടിയാൽ പൊറുത്തു കൊടുക്കും' (അന്നസാഈ).

ഹജ്ജ്-ഉംറകളുടെ സദ്ഫലങ്ങളിൽ മൂന്നാമതായി എണ്ണിയത് സ്വർഗപ്രവേശനമാണ്.

സ്വീകാര്യമായ രീതിയിൽ ഹജ്ജും ഉംറയും നിർവഹിക്കുന്നവർക്ക് സ്വർഗമുണ്ടെന്ന് റസൂൽ (സ) ഉറപ്പ് നൽകി.

പ്രവാചകൻ (സ) പറഞ്ഞു: 'ഒരു ഉംറ മുതൽ മറ്റൊരു ഉംറ വരെ അവക്കിടയിലുള്ള അപരാധങ്ങൾക്കുള്ള പ്രായശ്ചിത്തമാണ്. സ്വീകാര്യമായ ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല' (ബുഖാരി).

അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞതായി ജാബിർ (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു: 'ഈ ഗേഹം ഇസ്‌ലാമിന്റെ കേന്ദ്രമാണ്. ഹജ്ജിനോ ഉംറക്കോ ആരെങ്കിലും ഇവിടം ഉദ്ദേശിച്ച് പുറപ്പെട്ടാൽ അവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലാണ്. മരണപ്പെടുകയാണെങ്കിൽ സ്വർഗത്തിൽ പ്രവേശിപ്പിക്കും. തിരിച്ചയക്കുകയാണെങ്കിൽ പ്രതിഫലവും സമ്പാദ്യവുമായിട്ടാണ് തിരിച്ചയക്കുക' (ഇബ്നു ജുറൈജ്).

ആത്മീയമായ ഇത്തരം നേട്ടങ്ങളോടൊപ്പം ഭൗതികമായ ധാരാളം സദ്ഫലങ്ങളും ഹജ്ജ്-ഉംറകൾക്കുണ്ട്. വിശുദ്ധ ഖുർആൻ അവയെ സമാഹരിച്ച് ഇപ്രകാരമാണ് പറഞ്ഞത്:

لِّيَشْهَدُوا مَنَافِعَ لَهُمْ ''അവർക്കുവേണ്ടി ഒരുക്കപ്പെട്ട നേട്ടങ്ങൾ നേരിൽ കാണാനും.'' (22:28)

ഈ വാക്യത്തെ വിശദീകരിച്ച് *തഫ്ഹീമുൽ ഖുർആനിൽ* മൗലാനാ മൗദൂദി എഴുതി:

'മതപരമായ നേട്ടങ്ങൾ മാത്രമല്ല, ഭൗതിക നേട്ടങ്ങൾകൂടി ഇതുകൊണ്ടുദ്ദേശ്യമാകുന്നു. കഅ്ബാ മന്ദിരത്തിന്റെയും ഹജ്ജ് തീർഥാടനത്തിന്റെയും മഹത്തായ ഒരനുഗ്രഹമത്രെ അത്. ഇബ്റാഹീം നബി (അ) മിന്റെ കാലംതൊട്ട് മുഹമ്മദ് നബി (സ) യുടെ കാലം വരെയുള്ള സുദീർഘമായ രണ്ടര സഹസ്രാബ്ദങ്ങളിൽ മുഴുവൻ അറബികളെയും അവരുടെ ഗോത്രമാത്സര്യങ്ങളാൽ നശിച്ചുപോകുന്നതിൽ നിന്ന് രക്ഷിച്ചു നിർത്തിയ ഐക്യത്തിന്റെ കേന്ദ്രമായിരുന്നു അവിടം. തങ്ങളുടെ കേന്ദ്രവുമായി ബന്ധപ്പെടാനും അവിടെ തീർഥാടനം ചെയ്യാനും എല്ലാ പ്രദേശങ്ങളിലുമുള്ള ആളുകൾ വന്നിരുന്നതിനാൽ അവരുടെ ഭാഷ ഒന്നായിത്തീർന്നു. സംസ്കാരം ഏകോപിതമായി. അവരിൽ തങ്ങൾ അറബികളാണെന്ന ബോധം നിലനിന്നു. അവരുടെ ചിന്തകളും വിജ്ഞാനങ്ങളും നാഗരികതകളും പങ്കുവെക്കാൻ അവസരമുണ്ടായി. അറേബ്യയിലെ വ്യാപകമായ അരക്ഷിതാന്തരീക്ഷത്തിൽ വർഷാന്തം നാലു മാസമെങ്കിലും ശാന്തിയും സുരക്ഷിതത്വവും നിലനിർത്തപ്പെടാനും അങ്ങനെ ആളുകൾക്ക് യാത്രചെയ്യാനും സാർഥവാഹകസംഘങ്ങൾക്ക് സുഗമമായി കടന്നുപോകാനും അവസരം സൃഷ്ടിച്ചുവെന്നതും ഹജ്ജിന്റെ മഹത്തായ നന്മകളിൽ ഒന്നായിരുന്നു' (അൽ ഹജ്ജ്: 28-ന്റെ വ്യാഖ്യാനം). ●